# വീണ്ടും സ്ഫോടനം

**എല്ലാ** ഭീകരാക്രമണങ്ങൾക്കും ശേഷം സർക്കാർ വൃത്തങ്ങൾ നടത്തുന്ന പ്രതികരണത്തിൽ പൊതുവെ ഉണ്ടാവാറുള്ള ചില വാചകങ്ങളുണ്ട്. പാകിസ്താൻ ചാരസംഘടനയായ ഐ.എ സ്.ഐയും അവിടം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഭീകര സംഘടനകളുമാണ് ചെയ്തത്. ഇന്ത്യയിൽ വർഗീയ കലാപം പടർത്തുക എന്ന ലക്ഷ്യത്തോടെയാണിവർ ഈ ആക്രമണം സംഘടിപ്പിച്ചത്. രാജ്യത്തിനു നേർക്കുള്ള ആക്രമണമാണിത്. ഒരിക്കലും ഈ ഭീകരവാദികൾക്കു മുമ്പിൽ ഇന്ത്യ തല കുനിക്കുന്ന പ്രശ്നമില്ല. ഗവൺമെന്റ് പല്ലും നഖവും ഉപയോഗിച്ച് ഇത്തരം ആക്രമണങ്ങളെ ചെറുക്കും. പ്രധാനമന്ത്രി മുതൽ ബ്ലോക്ക് കമ്മിറ്റി നേതാക്കൾ വരെയുള്ളവർ മടുപ്പിക്കുന്ന ഇത്തരം പ്രസ്താവനകൾ പുറപ്പെടുവിക്കാറുണ്ട്. മുഴക്കിയ വീരവാദങ്ങൾ ശരിയായിരുന്നെങ്കിൽ പാകിസ്താനും അവിടം കേന്ദ്രീകരിച്ചുള്ള ചാരസംഘടനകളും എന്നോ ഇന്ത്യയുടെ കോപാഗ്നിയിൽ വെന്തു വെണ്ണീറായേനെ. പക്ഷേ സംഭവിക്കുന്നതോ? ബ്രഹ്മപുത്ര നദിയിലെ രണ്ടു ഷട്ടറുകൾ തുറന്നുവിട്ടാൽ ഒലിച്ചു പോകാൻ മാത്രം വലിപ്പമുള്ള ബംഗ്ലാദേശ് പോലും നിരന്തരമെന്നോണം ഇന്ത്യയിൽ ആക്രമണങ്ങൾ സംഘടിപ്പിക്കുന്നു! ഈയിടെയായി ഇന്ത്യയിൽ നടക്കുന്ന ഭീകരാക്രമണങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നത് ബംഗ്ലാദേശിലെ ഭീകരസംഘടനയായ ഹർക്കത്തുൽ ജിഹാദെ ഇസ്‌ലാമിയാണത്രെ. വെറുതെ വായിട്ടലക്കുക എന്നല്ലാതെ, 2000-ത്തിൽ നടന്ന ചെങ്കോട്ട ആക്രമണം തൊട്ട് ഏറ്റവുമൊടുവിൽ ജയ്പൂരിൽ നടന്ന മാർക്കറ്റ് സ്ഫോടനങ്ങൾ വരെയുള്ള സംഭവങ്ങളിൽ ഒരുത്തനെ പോലും പിടികൂടാൻ ഇന്നേ വരെ പോലീസിനു കഴിഞ്ഞിട്ടുമില്ല.

ജയ്പൂരിൽ സംഭവിച്ചതും അതുതന്നെ. രേഖാചിത്രം 'ത്രിഡി' സങ്കേതത്തിൽ വരച്ചുണ്ടാക്കി എന്നതാണ് മറ്റു കേസന്വേഷണങ്ങളെ അപേക്ഷിച്ച് ഇത്തവണയുണ്ടായ വ്യത്യാസം. കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലുണ്ടാകുന്ന പുരോഗതി കേസന്വേഷണത്തിലും വേണമല്ലോ പ്രതിഫലിക്കാൻ. എല്ലാ ആക്രമണങ്ങൾക്കു ശേഷവും പോലീസ് വരച്ചുണ്ടാക്കി പുറത്തുവിട്ട ഇത്തരം ചിത്രങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ഓക്കാനം വരും. ഒന്നിൽ പോലും ചിത്രത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് പ്രതിയെ പിടികൂടിയ ചരിത്രമില്ല. എപ്പോഴെങ്കിലും രേഖാചിത്രവുമായി സാമ്യമുള്ള ആരെയെങ്കിലും പോലീസ് പിടികൂടി എന്നു വെക്കുക. അങ്ങനെ സംഭവിച്ചിട്ടുള്ളവരെല്ലാം തന്നെ നേരത്തെ പോലീസിന്റെ കസ്റ്റഡിയിൽ ഉണ്ടായിരുന്നവരാണ് എന്നാണ് ആരോപണം ഉയർന്നിട്ടുള്ളത്. പോലീസിന്റെ ചില സിദ്ധാന്തങ്ങളാവട്ടെ അപഹാസ്യവുമായിരുന്നു. അമോണിയം നൈട്രേറ്റും സൾഫർ ലവണങ്ങളുമാണ് സ്ഫോടനത്തിന് ഉപയോഗിച്ചതെങ്കിൽ കുറ്റവാളികൾ ഇന്ത്യക്കാർ. ആർ.ഡി.എക്സ് ആണ് ഉപയോഗിച്ചതെങ്കിൽ ഒന്നുകിൽ പാകിസ്താനിലെ ഭീകരർ നേരിട്ട് നടത്തിയ സ്ഫോടനം, അല്ലെങ്കിൽ അവരുടെ ഇന്ത്യയിലെ പിണയാളുകൾ ചെയ്തത്! പത്രസമ്മേളനത്തിൽ 'വിളങ്ങാൻ' ഇമ്മാതിരി അസംബന്ധങ്ങൾ എഴുന്നള്ളിക്കാൻ പറ്റുമെന്നല്ലാതെ യഥാർഥത്തിൽ പോലീസ് തന്നെ ഈ വക സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നതിന് തെളിവില്ല. ജയ്പൂരിൽ അമോണിയം നൈട്രേറ്റും സൾഫർ ലവണങ്ങളുമാണ് ഉപയോഗിച്ചതത്രെ! എങ്കിൽ പിന്നെ ഇന്ത്യൻ സംഘടനകളെയല്ലേ ആരോപിക്കുകയെങ്കിലും ചെയ്യേണ്ടിയിരുന്നത്?

യു.പി.എ സർക്കാർ അധികാരമേറ്റതിനു ശേഷം കശ്മീരിനും വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും പുറത്ത് നടക്കുന്ന പത്താമത്തെ വൻ സ്ഫോടനമാണിത്. ഇതിൽ നാലെണ്ണം പള്ളികൾക്കു നേരെയും രണ്ടെണ്ണം ക്ഷേത്രങ്ങൾക്കു നേരെയുമായിരുന്നു. എല്ലാ സ്ഫോടനങ്ങളുടെയും കുറ്റം കെട്ടിവെക്കപ്പെട്ടത് ഒന്നുകിൽ പാകിസ്താന്റെയോ അല്ലെങ്കിൽ ബംഗ്ലാദേശിന്റെയോ തലയിലാണ്. ഇസ്‌ലാമിക ഭീകരതയാണ് സംഭവത്തിന്റെ പൊതുവെയുള്ള കാരണമായി ആരോപിക്കപ്പെട്ടത്. എല്ലാ സംഭവങ്ങൾക്കും ശേഷം പോലീസ് പിടികൂടിയതാകട്ടെ മുസ്‌ലിം ചെറുപ്പക്കാരെ മാത്രവും. ഇങ്ങനെ പിടികൂടിയവരെ ഇടിച്ചും ചതച്ചും മാത്രമല്ല ലക്ഷങ്ങൾ കോഴ കൊടുത്തും കേസുകൾ ഏറ്റെടുപ്പിക്കാൻ പോലീസ് ശ്രമം നടത്തി. ഒന്നും വിജയിച്ചില്ല. എൻ.ഡി.എ സർക്കാറിന്റെ കാലത്തു തൊട്ടാരംഭിച്ച കേസുകളാണ് ഇന്നും കോടതികളിൽ കെട്ടിക്കിടക്കുന്നത്. ഇസ്‌ലാമും മുസ്‌ലിംകളുമാണ് ഈ ദുരന്തങ്ങളുടെ പിന്നിലെന്ന് ആരോപിച്ച് അവർക്കെതിരെ പൊതുജനവികാരം ഇളക്കിവിടുക എന്നതല്ലാത്ത ഒരു ലക്ഷ്യവും ഈ സ്ഫോടനത്തിന് പിന്നിൽ ഇല്ലെന്ന് സംശയിക്കാവുന്നതാണ് ഇന്നോളമുള്ള പോലീസിന്റെ കേസ് ഡയറി.

അമേരിക്കൻ ചേരിയിലേക്ക് ചായാനുള്ള ബി.ജെ.പിയുടെ ശ്രമങ്ങൾക്ക് പാർലമെന്റ് തടസ്സമാവുമെന്നു കണ്ട് ഇന്ത്യൻ ജനാധിപത്യ പ്രക്രിയയുടെ ഭാഗമായ മുസ്‌ലിംകളെ പൊതുസമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്താനുള്ള നീക്കങ്ങളുടെ ഭാഗമായി തുടക്കമിട്ട ഭരണകൂട ഗൂഢാലോചനയാണ് 'ഇസ്‌ലാമിക ബോംബ് സ്ഫോടനങ്ങൾ' എന്നു വിശ്വസിക്കുന്ന എത്രയെങ്കിലും നേതാക്കളുണ്ട്. എൻ.ഡി.എ കാലത്ത് തുടക്കമിട്ട ഈ ദുരൂഹ സ്ഫോടനങ്ങളെ അമേരിക്കൻ വിധേയത്വം കൊണ്ട് ഏറ്റുപിടിക്കേണ്ട ദുരവസ്ഥയാണ് മൻമോഹൻസിംഗിന്റേതെന്നും ഈ നേതാക്കൾ ചൂണ്ടിക്കാട്ടുന്നു. ഈ ആരോപണങ്ങൾ ശരിയാണെന്ന് ചിലപ്പോഴെങ്കിലും തോന്നും. സ്ഫോടനാനന്തര പ്രസ്താവനകളിൽ എന്തു വ്യത്യാസമാണ് ബി.ജെ.പിയും കോൺഗ്രസ്സും തമ്മിലുള്ളത്? ഏകദേശം മൂന്നു ഡസൻ പിന്നിടാറായ സ്ഫോടന പരമ്പരകളിൽ ഇസ്‌ലാമും മുസ്‌ലിംകളും ഉൾപ്പെട്ടുവെന്ന പോലീസിന്റെ ആരോപണം അതേപടി ബാക്കിയാവുമ്പോഴും, ബോംബു നിർമാണത്തിനിടെ സ്ഫോടനമുണ്ടായി മരിച്ചവരും ബോംബുമായി പോകുന്നതിനിടെ വഴിയിൽ പിടിയിലായവരും സംഘ്പരിവാർ സംഘടനകളിൽ ഉൾപ്പെട്ടവരാണെന്ന ഞെട്ടിക്കുന്ന മറുവശവും ഈ കേസുകൾക്കുണ്ട്. കഴിഞ്ഞ വർഷം മുംബൈ റെയിൽവേ സ്റ്റേഷനിൽ നടന്ന സംഭവവും നാന്ദേഡിൽ നടന്ന ഇരട്ട സ്ഫോടനങ്ങളും ഈ കോളത്തിൽ ചർച്ച ചെയ്തത് വായനക്കാർ ഓർക്കുമല്ലോ.

കുറ്റവാളി എ ആയാലും ബി ആയാലും ജനാധിപത്യത്തിൻെറ വ്യവസ്ഥകളെ ആരോ ചിലർ അതിസമർഥമായി ദുരുപയോഗം ചെയ്യുന്നുണ്ട്. അത് തീർച്ച. ■